### സൂറഃ-7

# അൽ അഅ്റാഫ്

أَفَأَمِنَ أَهْلُ ٱلْقُرَىٰٓ أَن يَأْتِيَهُم بَأْسُنَا بَيَٰتًا وَهُمْ نَآئِمُونَ ﴿٩٧﴾

**97.** ആ പുരവാസികൾ നിർഭയരായെന്നോ; രാവിൽ അവരുറങ്ങുമ്പോൾ നമ്മുടെ ശിക്ഷ വന്നുഭവിക്കുന്നതിനെക്കുറിച്ച്?!

أَوَأَمِنَ أَهْلُ ٱلْقُرَىٰٓ أَن يَأْتِيَهُم بَأْسُنَا ضُحًى وَهُمْ يَلْعَبُونَ ﴿٩٨﴾

**98.** അതോ പകൽവേളയിൽ അവരുല്ലസിക്കുമ്പോൾ നമ്മുടെ ശിക്ഷ വന്ന് വീഴുകയില്ലെന്ന് ആ പുരവാസികൾ സമാധാനിച്ചുവോ?

أَفَأَمِنُوا۟ مَكْرَ ٱللَّهِ ۚ فَلَا يَأْمَنُ مَكْرَ ٱللَّهِ إِلَّا ٱلْقَوْمُ ٱلْخَٰسِرُونَ ﴿٩٩﴾

**99.** അല്ലാഹുവിന്റെ പ്രവർത്തന തന്ത്രങ്ങളെക്കുറിച്ച് അവർ നിർഭയരായെന്നോ? എന്നാൽ നശിക്കാനുള്ളവരല്ലാതെ അല്ലാഹുവിന്റെ തന്ത്രങ്ങളെക്കുറിച്ചു നിർഭയരാകുന്നില്ല.

أَوَلَمْ يَهْدِ لِلَّذِينَ يَرِثُونَ ٱلْأَرْضَ مِنۢ بَعْدِ أَهْلِهَآ أَن لَّوْ نَشَآءُ أَصَبْنَٰهُم
بِذُنُوبِهِمْ ۚ وَنَطْبَعُ عَلَىٰ قُلُوبِهِمْ فَهُمْ لَا يَسْمَعُونَ ﴿١٠٠﴾

**100.** ഈ ചരിത്രങ്ങൾ, പൂർവ നിവാസികൾക്കുശേഷം ഭൂമിയുടെ അവകാശികളാകുന്നവരെ, നാം ഇഛിക്കുന്നുവെങ്കിൽ പാപങ്ങളെ പ്രതി ജനത്തെ ശിക്ഷിക്കുമെന്ന സത്യത്തിലേക്ക് നയിക്കുന്നില്ലയോ? സത്യത്തോടു വിരോധം പുലർത്തുന്നതിനാൽ അവരുടെ മനസ്സുകൾ നാം അടച്ചു മുദ്രവെക്കുകയാകുന്നു. ഇനിയവർ സത്യം കേൾക്കാൻ പോകുന്നില്ല.

تِلْكَ ٱلْقُرَىٰ نَقُصُّ عَلَيْكَ مِنْ أَنۢبَآئِهَا ۚ وَلَقَدْ جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ
فَمَا كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ مِن قَبْلُ ۚ كَذَٰلِكَ يَطْبَعُ ٱللَّهُ عَلَىٰ
قُلُوبِ ٱلْكَٰفِرِينَ ﴿١٠١﴾

**101.** ആ നാടുകളതാ, അവയുടെ ചില കഥകൾ നാം നിനക്കു പറഞ്ഞു തരികയാണ്. ദൈവദൂതന്മാർ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെന്നിട്ടുണ്ടായിരുന്നു. പക്ഷേ, സത്യത്തെ നേരത്തേ നിഷേധിച്ചുകഴിഞ്ഞിരുന്നതിനാൽ പിന്നീടവരതംഗീകരിക്കുന്നവരായില്ല. ഇങ്ങനെയത്രെ ധർമനിഷേധികളുടെ മനസ്സ് അല്ലാഹു അടച്ചു പൂട്ടുന്നത്.

وَمَا وَجَدْنَا لِأَكْثَرِهِم مِّنْ عَهْدٍ ۖ وَإِن وَجَدْنَآ أَكْثَرَهُمْ لَفَٰسِقِينَ ﴿١٠٢﴾

**102.** അവരിലധിക പേർക്കും യാതൊരു പ്രതിജ്ഞാബദ്ധതയുമുള്ളതായി നാം കണ്ടില്ല. എന്നല്ല, ധർമധിക്കാരികളായിട്ടു തന്നെയാണ് അധികമാളുകളെയും കണ്ടത്.

أَفَأَمِنَ = നിർഭയരായെന്നോ  أَهْلُ ٱلْقُرَىٰٓ = ആ നാട്ടുകാർ, പുരവാസികൾ  أَن يَأْتِيَهُم = അവർക്കു വരു(ന്നുഭവിക്കു)ന്നത്
بَأْسُنَا = നമ്മുടെ ശക്തി, ശിക്ഷ  بَيَٰتًا = രാവിൽ  وَهُمْ نَآئِمُونَ = അവർ ഉറങ്ങു(മ്പോൾ) ന്നവരായിരിക്കെ
أَوَأَمِنَ = അതോ നിർഭയരായോ, സമാധാനിച്ചുവോ  أَهْلُ ٱلْقُرَىٰٓ = പുരവാസികൾ
أَن يَأْتِيَهُم = അവർക്കു വ(ന്നു വീഴുകയില്ലെന്നു)രുന്നതിനെക്കുറിച്ച്  بَأْسُنَا = നമ്മുടെ ശിക്ഷ  ضُحًى = പകൽ വേളയിൽ
وَهُمْ يَلْعَبُونَ = അവർ (ഉല്ലസിക്കുമ്പോൾ)കളിച്ചുകൊണ്ടിരിക്കെ  أَفَأَمِنُوا۟ = അവർ നിർഭയരായെന്നോ
مَكْرَ ٱللَّهِ = അല്ലാഹുവിന്റെ (പ്രവർത്തന) തന്ത്രങ്ങളെക്കുറിച്ച്  فَلَا يَأْمَنُ = എന്നാൽ നിർഭയരാകുന്നില്ല
مَكْرَ ٱللَّهِ = അല്ലാഹുവിന്റെ തന്ത്രങ്ങളെക്കുറിച്ച്  إِلَّا ٱلْقَوْمُ ٱلْخَٰسِرُونَ = നഷ്ടപ്പെട്ടവരായ ജനമല്ലാതെ (നശിക്കാനുള്ളവരല്ലാതെ)
أَوَلَمْ يَهْدِ = മാർഗദർശനം ചെയ്യുന്നില്ലയോ (നയിക്കുന്നില്ലയോ)  لِلَّذِينَ يَرِثُونَ = അവകാശികളാകുന്നവർക്ക് (വരെ)

എന്തെന്നാൽ = أَن  അതിന്റെ (പൂർവ) നിവാസികൾക്കു ശേഷം = مِنۢ بَعۡدِ أَهۡلِهَآ  ഭൂമിയെ(യുടെ) = ٱلۡأَرۡضَ

അവർക്ക് ആപത്തണച്ചു (ശിക്ഷിക്കും എന്ന സത്യത്തിലേക്ക്) = أَصَبۡنَٰهُم  നാം ഇഛരിക്കുന്നുവെങ്കിൽ = لَّوۡ نَشَآءُ

നാം അടച്ചു മുദ്രവെക്കുകയാകുന്നു = وَنَطۡبَعُ  അവരുടെ പാപങ്ങളെ പ്രതി = بِذُنُوبِهِمۡۚ

ഇനി അവർ = فَهُمۡ  അവരുടെ (സത്യത്തോടു വിരോധം പുലർത്തുന്നവരുടെ) ഹൃദയങ്ങ(ളെ)ളിന്മേൽ = عَلَىٰ قُلُوبِهِمۡ

നാം നിനക്കു പറഞ്ഞു തരുന്നു = نَقُصُّ عَلَيۡكَ  ആ നാടുകളതാ = تِلۡكَ ٱلۡقُرَىٰ  (സത്യം) കേൾക്കാൻ പോകുന്നില്ല = لَا يَسۡمَعُونَ

തീർച്ചയായും അവരിൽ ചെന്നിട്ടുണ്ടായിരുന്നു = وَلَقَدۡ جَآءَتۡهُمۡ  അതിന്റെ വാർത്തകളിൽനിന്ന് (കുറെ കഥകൾ) = مِنۡ أَنۢبَآئِهَاۚ

അവർ ആയില്ല = فَمَا كَانُواْ  തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി = بِٱلۡبَيِّنَٰتِ  അവരുടെ ദൈവദൂതന്മാർ = رُسُلُهُم

മുമ്പ്, നേരത്തെ = مِن قَبۡلُۚ  സത്യത്തെ അവർ നിഷേധിച്ചു കഴിഞ്ഞതിനാൽ = بِمَا كَذَّبُواْ  വിശ്വസിക്കുന്ന(വർ)തിന് = لِيُؤۡمِنُواْ

അല്ലാഹു (അടച്ചു)മുദ്രവെക്കുന്നത് = يَطۡبَعُ ٱللَّهُ  ഇങ്ങനെ(യത്രെ) = كَذَٰلِكَ

നാം കണ്ടില്ല = وَمَا وَجَدۡنَا  സത്യ(ധർമ)നിഷേധികളുടെ മനസ്സുക(ളെ)ളിന്മേൽ = عَلَىٰ قُلُوبِ ٱلۡكَٰفِرِينَ

യാതൊരു കരാറും, പ്രതിജ്ഞാബദ്ധതയും (ഉള്ളതായി) = مِّنۡ عَهۡدٖۖ  അവരിൽ അധികമാളുകൾക്കും = لِأَكۡثَرِهِم

അവരിൽ അധികമാളുകളെയും = أَكۡثَرَهُمۡ  എന്നാൽ നാം കണ്ടു (എന്നല്ല നാം കണ്ടത്) = وَإِن وَجَدۡنَآ

പാപികൾ (ധർമധിക്കാരികൾ) ആയിട്ടുതന്നെയാണ് = لَفَٰسِقِينَ

**97–99:** ഇവിടെ പരാമർശിക്കുന്ന പുരവാസികൾ നേരത്തെ സൂചിപ്പിച്ച, ദൈവവിശ്വാസവും ഭക്തിയും വർജിച്ച് അന്ധവിശ്വാസത്തിലും അധർമത്തിലും ആണ്ടുപോയതിനാൽ നശിച്ചു നാമാവശേഷമായ ജനപദങ്ങൾ തന്നെയാണ്. അക്രമങ്ങളിലും അനാചാരങ്ങളിലും ആറാടുമ്പോൾ തങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു സർവശക്തനുണ്ടെന്നും അവന്ന് എപ്പോൾ വേണമെങ്കിലും തങ്ങളെ പിടികൂടാൻ കഴിയുമെന്നും അവരൊട്ടും ഓർത്തില്ല. ഓർത്തിരുന്നുവെങ്കിൽ പകൽ സമയത്തോ രാത്രിയിലോ അല്ലാഹുവിന്റെ ശിക്ഷ വന്നുഭവിക്കുന്നതിനെക്കുറിച്ച് അവർ നിർഭയരാകുമായിരുന്നില്ല. കാരണം അല്ലാഹുവിലും അവൻ അനുശാസിച്ച ധർമങ്ങളിലും വിശ്വസിക്കുന്ന ആർക്കും അല്ലാഹുവിന്റെ നടപടികളുടെ നിഗൂഢതയെക്കുറിച്ച് നിർഭയരായിരിക്കാനാവില്ല. നശിക്കാൻ വിധിക്കപ്പെട്ട സമൂഹങ്ങൾക്കു മാത്രമേ, തങ്ങളറിയാത്ത മാർഗങ്ങളിലൂടെ അല്ലാഹുവിനു തങ്ങളെ പിടികൂടാനാകും എന്ന സത്യം നിഷേധിക്കാൻ കഴിയൂ.

ഇക്കാര്യം ഇവിടെ ചോദ്യരൂപത്തിൽ ആവർത്തിച്ചുറപ്പിക്കുന്നത് അനുവാചകരുടെ, വിശേഷിച്ചും ഈ സൂക്തങ്ങളുടെ പ്രഥമ സംബോധിതരായ ഖുറൈശികളുടെ ശ്രദ്ധ സവിശേഷം ക്ഷണിക്കുന്നതിനുവേണ്ടിയാണ്. അവരോട് ചോദിക്കുകയാണ്: ആ ഉന്മൂലനം ചെയ്യപ്പെട്ടവർ എന്തുവിചാരിച്ചു? അവർ തിന്നും കുടിച്ചും ഉറങ്ങിയും ഉണർന്നും കളിച്ചും രസിച്ചും കഴിയുമ്പോൾ അവരുടെ അധർമങ്ങളും അനീതികളും അല്ലാഹു കാണുന്നില്ലെന്നോ അതോ എല്ലാം അവർക്ക് അനുവദിച്ചുകൊടുത്തിരിക്കുകയാണെന്നോ? തങ്ങൾ അല്ലാഹുവിന്റെ ശക്തിക്കതീതരാണെന്നോ? അവർക്കു ലഭിച്ച സമൃദ്ധിയും സൗഭാഗ്യങ്ങളുമെല്ലാം അല്ലാഹു അവരിൽ സംപ്രീതനായിരിക്കുന്നുവെന്നതിന്റെ ലക്ഷണമാണെന്ന് സമാധാനിച്ചുവോ? എങ്കിൽ നിരർഥകമായ ആ വിചാരത്തിനും വിശ്വാസത്തിനും കൊടുക്കേണ്ടി വന്ന വിലയാണ് അവരുടെ സമ്പൂർണ നാശം. അല്ലാഹുവിന്റെ പ്രവർത്തന തന്ത്രം മനുഷ്യർ കണക്കുകൂട്ടുന്നതു പോലെയല്ല. തങ്ങൾ കണക്കുകൂട്ടുന്നതുപോലെയാണ് അല്ലാഹു പ്രവർത്തിക്കുകയെന്ന് വിചാരിക്കുന്നവർ നശിക്കാനുള്ളവർ തന്നെയാണ്.

മുഹമ്മദ് നബിയും വിശ്വാസികളും മക്കയിൽ ദുരിതങ്ങളനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ തങ്ങൾ ശക്തരും സൗഭാഗ്യവാന്മാരുമായി വാഴുന്നു എന്നതുതന്നെ തങ്ങൾക്ക് ഒരു ശിക്ഷയും ഭയപ്പെടേണ്ടതില്ലെന്നതിനും ദൈവത്തിന്റെ പ്രീതിയും അനുഗ്രഹവും തങ്ങളിലുണ്ടെന്നതിനും ന്യായമായി ഖുറൈശികൾ ഉന്നയിക്കാറുണ്ടായിരുന്നു. ഈ നിലപാട് തുടരുകയാണെങ്കിൽ പൂർവസമുദായങ്ങളുടെ അനുഭവം നിങ്ങൾക്കുമുണ്ടാകുമെന്ന താക്കീത് ഇതുൾക്കൊള്ളുന്നുണ്ട്. ഇക്കാലത്തും ഭൗതികമായ ശക്തിയും സമൃദ്ധിയുമുള്ള സമൂഹങ്ങളുടെ വിചാരം ഇതുതന്നെയാണ്. ഞങ്ങൾ ശിഷ്ട ജനമല്ലെങ്കിൽ ദൈവം ഈ അനുഗ്രഹങ്ങളൊക്കെ ഞങ്ങൾക്കു തരുമോ? അതിനാൽ ദൈവം ഉണ്ടെങ്കിൽ അവൻ ഞങ്ങളുടെ ഭാഗത്ത് തന്നെയാണ്. അല്ലെങ്കിൽ ദൈവമെന്നൊന്നില്ല. ഇങ്ങനെ ചിന്തിക്കുന്നവർ അവരോർക്കാത്ത വഴികളിലൂടെ ദൈവത്തിന്റെ ശിക്ഷക്കിരയാകുന്നു. ശിക്ഷിക്കപ്പെടുന്നവർക്കുതന്നെ അതുമനസ്സിലാക്കാനാകുന്നില്ലെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ. മനുഷ്യന് അല്ലാഹുവിനെ ധിക്കരിക്കണമെങ്കിലും കാര്യകാരണവ്യവസ്ഥക്ക് വിധേയമായേ അതു കഴിയൂ. പക്ഷേ അല്ലാഹുവിന് മനുഷ്യനോട് പ്രതികരിക്കാൻ ആ വ്യവസ്ഥക്കതീതമായ മാർഗങ്ങളുമുണ്ട്. അതിനാൽ അവന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഒരേയൊരു മാർഗമേയുള്ളൂ. അവന്റെ സർവശക്തിയും പരമാധികാരവും ഉടമസ്ഥതയും അംഗീകരിച്ചുകൊണ്ട് അവന്റെ ശാസനകൾക്ക് വിധേയരായി ജീവിക്കുക.

മൂലത്തിലെ **بأس** ന് ശൗര്യം, ധൈര്യം, ശക്തി, അധികാരം, ശിക്ഷ എന്നെല്ലാം അർഥമുണ്ട്. എല്ലാ അർഥങ്ങളും ഇവിടെ സാധുവാകാമെങ്കിലും 'ശിക്ഷ' എന്ന അർഥമാണ് കൂടുതൽ സന്ദർഭോചിതം.

സാമർഥ്യം, ദുസ്സാമർഥ്യം, കൗശലം, ചതി, തന്ത്രം, കുതന്ത്രം, വൈഭവം എന്നെല്ലാം مَكۡرَ-ന് അർഥമുണ്ട്. അപരനെ അവന് മനസ്സിലാക്കാനാവാത്ത മാർഗത്തിലൂടെ ആഘാതമേൽപിക്കുക അഥവാ അതിനുള്ള കഴിവ് എന്ന അർഥത്തിലാണ് ഇതിന്റെ സാധാരണ ഉപയോഗം. അതു ചെയ്യുന്നത് ചെയ്യാൻ അവകാശമുള്ളവനും ചെയ്യപ്പെടുന്നത് ന്യായമായി അതർഹിക്കുന്നവനുമാകുമ്പോൾ *മക്ർ* സാമർഥ്യവും വൈഭവവും കൗശലവുമൊക്കെയാകുന്നു. ചെയ്യുന്നത് അവകാശമില്ലാത്തവരും ചെയ്യപ്പെടുന്നവർ അർഹിക്കാത്തവരുമാകുമ്പോൾ കുതന്ത്രവും ദുസ്സാമർഥ്യവും ചതിയുമാകുന്നു. അല്ലാഹു എന്തിനും അവകാശമുള്ളവനും പരമനീതിമാനുമാകയാൽ അവന്റെ *മക്ർ* തികഞ്ഞ സാമർഥ്യവും വൈഭവവും കൗശലവു

മാണ്. അവന്റെ പ്രവർത്തന തന്ത്രം അജ്ഞരും വിവേകശൂന്യരുമായ മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയില്ല എന്നല്ലാതെ അതിൽ ചതിയുടെയോ വഞ്ചനയുടെയോ അംശമില്ല.

ഇബ്നു അബീഹാതിം നിവേദനം ചെയ്യുന്നു: ഇസ്മാഈലുബ്നു റാഫിഅ് പ്രസ്താവിച്ചു: "അല്ലാഹു പൊറുത്തു തരട്ടെ എന്നാശിച്ചുകൊണ്ട് പാപങ്ങൾ ചെയ്തുകൊണ്ടേയിരിക്കുക അല്ലാഹുവിന്റെ മക്റിനെക്കുറിച്ച് നിർഭയനാകുന്ന ദൈവദാസന്റെ സ്വഭാവത്തിൽപെട്ടതാകുന്നു." ഹിശാമുബ്നു ഉർവ പ്രസ്താവിച്ചു: "നിങ്ങൾക്ക് സന്തോഷകരമായ വല്ലതും അല്ലാഹുവിങ്കൽ നിന്നുലഭിച്ചാൽ അത് അല്ലാഹുവിന്റെ *മക്റ്* അല്ല എന്ന് ഉറപ്പിച്ചു കൂടാ. നശിക്കാനുള്ളവർ മാത്രമേ അല്ലാഹുവിന്റെ *മക്റിൽ* നിർഭയരാകൂ. അബൂനദ്റഃ പ്രസ്താവിച്ചതായി അബുശ്ശൈഖ് ഉദ്ധരിക്കുന്നു:

"أَفَأَمِنَ أَهْلُ ٱلْقُرَىٰٓ أَن يَأْتِيَهُم بَأْسُنَا بَيَـٰتًا وَهُمْ نَآئِمُونَ എന്ന സൂക്തം ഓതുന്നവർ ശബ്ദമുയർത്തി ഓതുന്നത് അഭികാമ്യമാകുന്നു. ഈ സൂക്തം എല്ലാ അനുവാചകർക്കുമുള്ള താക്കീതാകുന്നു എന്ന അടിസ്ഥാനത്തിലാണിത്".

**100-102:** പൂർവികർക്കുശേഷം ഭൂമിയുടെ അവകാശികളാകുന്നവർ എന്നതിന്റെ വിവക്ഷ അതതുകാലത്തു ജീവിക്കുന്ന തലമുറകളാണ്. പൂർവികരുടെ പൈതൃകം പേറുന്നവരും അവരുടെ അനന്തരാവകാശികളായി ഭൂമിയെ ഏറ്റെടുത്തവരുമാണ് ഓരോ തലമുറയും. ഭൂമിയിൽ അധർമമനുവർത്തിക്കുകയും നാശം പരത്തുകയും ചെയ്യുന്നവർ ദൈവത്തിന്റെ കടുത്ത ശിക്ഷക്കിരയാകുമെന്ന് പൂർവിക സമൂഹങ്ങളുടെ ചരിത്രം വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ സാക്ഷ്യങ്ങളെ പക്ഷേ ഭൗതിക പ്രമത്തതയിലാണ്ടുപോയവർ മനസ്സിലാക്കുന്നില്ല. അവർ വിപത്തുകളെയും അനുഗ്രഹങ്ങളെയുമെല്ലാം ഭൗതിക ദൃഷ്ടികൊണ്ടു മാത്രം നോക്കുകയും ഭൗതികമായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഭാഗ്യനിർഭാഗ്യങ്ങളുടെ ആത്മീയവും ധാർമികവുമായ കാരണങ്ങളെ അവഗണിക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. സത്യവിശ്വാസത്തോടും ധാർമികമൂല്യങ്ങളോടുമുള്ള നിഷേധാത്മകഭാവം ഒരു ജീവിത വീക്ഷണമായി സ്വീകരിക്കപ്പെടുമ്പോൾ സത്യത്തിനും ധർമത്തിനും നേരെ ബുദ്ധിയുടെയും ചിന്തയുടെയും കവാടങ്ങൾ കൊട്ടിയടക്കപ്പെടുക എന്നതാണ് പ്രകൃതിനിയമം. അത്തരം ആളുകൾക്ക് സത്യപ്രബോധനവും ദൈവിക ദൃഷ്ടാന്തങ്ങളും കേൾക്കാനോ കാണാനോ കഴിയില്ല. ഒന്നുകിൽ അവർ സ്വന്തം ഭാഗധേയത്തെ പൂർണമായും ഭൗതികമായി വ്യാഖ്യാനിക്കുന്നു. അല്ലെങ്കിൽ സ്വയം സൃഷ്ടിച്ച കൃത്രിമ ദൈവങ്ങളെ അതിന്റെ വിധാതാക്കളായി സങ്കൽപിക്കുന്നു. അസത്യം എന്ന നിലയിൽ രണ്ടും തുല്യമാണ്. അതിനാൽ രണ്ടു കൂട്ടരും ഒടുവിൽ അനിവാര്യമായ തകർച്ചയിൽ ചെന്നെത്തുന്നു.

ഈ ദൈവിക ചര്യയുടെ വ്യക്തമായ ഉദാഹരണങ്ങളാകുന്നു മുൻ സൂക്തങ്ങളിൽ വിവരിച്ച, നൂഹിന്റെ ജനം മുതൽ മിദ്യാനികൾ വരെയുള്ള സമൂഹങ്ങളുടെ ചരിത്രം. ആ സമുദായങ്ങളിലെല്ലാം ഓരോ തരത്തിലുള്ള അസത്യവും അധർമവും ദുരാചാരങ്ങളും കൊടികുത്തിവാണപ്പോൾ അവരെ സത്യത്തിലേക്കും ധർമത്തിലേക്കും വീണ്ടെടുക്കാൻ സുവ്യക്തമായ പ്രമാണങ്ങളുമായി ദൈവദൂതന്മാർ എത്തിയിരുന്നു. പക്ഷേ, അവർക്ക് ആ പ്രവാചകന്മാരെ ചെവിക്കൊള്ളാനായില്ല. കാരണം നേരത്തെ സ്വീകരിച്ച സത്യവിരുദ്ധമായ വിശ്വാസങ്ങളിലും അധാർമിക ചര്യകളിലും അവരുടെ ജീവിതം അഗാധമായി ആണ്ടുപോയിരുന്നു. അത്തരം സത്യനിഷേധികളുടെ ബുദ്ധിയും ചിന്തയും പ്രവാചക സന്ദേശങ്ങൾക്കുനേരെ കൊട്ടിയടക്കപ്പെട്ടിരിക്കും. അവരിലധികമാളുകൾക്കും ദൈവത്തോടോ ധാർമിക മൂല്യങ്ങളോടോ യാതൊരു പ്രതിബദ്ധതയുമുണ്ടാവില്ല. എന്നല്ല അധികമാളുകളും അവരങ്ങിനെയും ധിക്കരിക്കുന്നവരായിരിക്കും. അവർ ദൈവത്തെ അംഗീകരിക്കുന്നുവെങ്കിൽ അത് യഥാർഥ ദൈവത്തെയായിരിക്കുകയില്ല. പ്രത്യുത അവർ തന്നെ സൃഷ്ടിച്ച ദൈവത്തെയായിരിക്കും. അവർ വല്ല ധർമവും അനുസരിക്കുന്നുവെങ്കിൽ അത് സ്വയം നിർമിച്ച ധർമങ്ങളുമായിരിക്കും.

ഈ സൂക്തങ്ങൾ നേരിട്ടു സംബോധന ചെയ്യുന്നത് ഖുറൈശികളെയാണ്. നേരത്തെ പറഞ്ഞ സമുദായങ്ങളുടെ പിന്മുറക്കാരായി ഈ പ്രദേശത്ത് ജന്മം ലഭിക്കുകയും അധികാരവും സ്വാധീനവും നേടുകയും ചെയ്ത നിങ്ങൾ സ്വന്തം പൂർവികരുടെ ചരിത്രത്തിൽനിന്ന് പാഠം പഠിക്കാത്തതെന്ത് എന്ന് ചോദിച്ചുകൊണ്ട് അവരുടെ അതേ ജീവിതവീക്ഷണവും കർമരീതിയും തന്നെയാണ് നിങ്ങളും പിന്തുടരുന്നതെങ്കിൽ അവർ ചെന്നെത്തിയ അതേ നാശത്തിൽ തന്നെയാണ് ചെന്നെത്തുക എന്നുദ്ബോധിപ്പിക്കുകയാണവരെ.

100-ാം സൂക്തത്തിൽ 'നാം അവരുടെ മനസ്സുകളെ അടച്ചു മുദ്രവെക്കുന്നു' എന്നും 101-ാം സൂക്തത്തിൽ 'ഇങ്ങനെയാണ് അല്ലാഹു സത്യനിഷേധികളുടെ മനസ്സുകളെ അടച്ചു മുദ്രവെക്കുന്നത്' എന്നും പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹു മനസ്സുകൾ അടച്ചു മുദ്രവെക്കുക എന്നതിന്റെ താൽപര്യം 2:7, 4:155, 6:46 സൂക്തങ്ങൾക്കുതാഴെ വിവരിച്ചിട്ടുണ്ട്. ഇവിടെ ആ ആശയം ഒന്നുകൂടി വ്യക്തമാക്കിയിരിക്കുകയാണ്. അസത്യജടിലമായ ആശയങ്ങളിലടിയുറച്ചുനിൽക്കുകയും തടടിസ്ഥാനത്തിലുള്ള ജീവിത ക്രമത്തിനു വേണ്ടി നിലകൊള്ളുകയും ചെയ്യുന്നവർ പ്രവാചക സന്ദേശങ്ങളെയും വേദ പ്രമാണങ്ങളെയും അറുപിന്തിരിപ്പനും പഴഞ്ചനുമായ മിഥ്യകളായി പുച്ഛിച്ചുതള്ളുന്നു. അതേപ്പറ്റി കേൾക്കുന്നതേ അവർക്ക് അരോചകമായിരിക്കും. സ്വയം സ്വീകരിച്ച ആദർശങ്ങളോടും ആചാരങ്ങളോടുമുള്ള അന്ധമായ ഭ്രമത്തിന്റെ സ്വാഭാവിക പരിണതിയാണത്. ഈ പരിണതിയിലെത്തിയവരെ സംബന്ധിച്ചേടത്തോളം പ്രവാചകന്മാർ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ പോലും നിഷ്ഫലമാകുന്നു. അതൊക്കെയും മായാജാലവും മന്ത്രവാദവുമാണെന്നായിരിക്കും അവർ പറയുക. കടുത്ത പ്രതിസന്ധിഘട്ടങ്ങളിൽ ഗത്യന്തരമില്ലാതെ വന്നാൽ ചിലപ്പോൾ പ്രത്യക്ഷത്തിൽ ചില ഉപാധികളോടെ പ്രവാചകനെ അംഗീകരിക്കാമെന്ന് സമ്മതിച്ചാൽ തന്നെ, പ്രതിസന്ധി തരണം ചെയ്യുന്നതോടെ ആ വാക്കുമാറുന്നു. അല്ലാഹുവിന്റെ പരീക്ഷണങ്ങളാൽ പൊറുതിമുട്ടിയപ്പോൾ ഫറവോൻ പ്രഭൃതികൾ മൂസാ(അ)യോടും, ക്ഷാമം കൊടുമ്പിരിക്കൊണ്ടപ്പോൾ ഖുറൈശികൾ മുഹമ്മദ് നബിയോടും, ദൈവത്തോട് പ്രാർഥിച്ച് ദുരിതമകറ്റിത്തന്നാൽ വിശ്വസിച്ചുകൊള്ളാമെന്ന് വാഗ്ദത്തം ചെയ്യുകയുണ്ടായി. ദുരിതം നീങ്ങിയപ്പോൾ രണ്ടു കൂട്ടരും വാക്കുമാറുകയായിരുന്നു.

مِّنْ عَهْدٍ എന്ന വാക്കിനെ 'യാതൊരു പ്രതിജ്ഞാബദ്ധതയും' എന്നാണ് തർജമ ചെയ്തിട്ടുള്ളത്. കരാർ, പ്രതിജ്ഞ, പരിചയം, ശാസന, പ്രമാണം, ഉത്തരവാദിത്വം തുടങ്ങി പല അർഥങ്ങളുള്ള പദമാണ് عَهْد. മനുഷ്യന് സത്യത്തോടും ധർമത്തോടും സ്വാഭാവികമായി ഉണ്ടായിരിക്കേണ്ട പ്രതിബദ്ധതയാവാം ഇതുകൊണ്ടുദ്ദേശിക്കുന്നത്. അതായത്, അല്ലാഹു പ്രകൃത്യാ മനുഷ്യമനസ്സിൽ നിക്ഷേപിച്ചിട്ടുള്ള തഖ്‌വ. മനസ്സിലെ തഖ്‌വയെ പൂർണമായി തമസ്കരിക്കുകയെന്നാൽ ധർമബോധത്തെ പൂർണമായി തുടച്ചുനീക്കുകയാണ്. അതാണ് അല്ലാഹു മനുഷ്യന്റെ ഹൃദയം അടച്ചുപൂട്ടൽ അല്ലെങ്കിൽ ഹൃദയം അടച്ചുപൂട്ടുന്നതിന്റെ ഫലം.

ഈ സന്ദർഭത്തിലെ عهد-നെ കരാർപാലനം എന്ന അർഥത്തിലാണ് മുഫസ്സിറുകൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് വിവക്ഷിക്കുന്നത് ഏതുകരാറാണ് എന്ന കാര്യത്തിൽ രണ്ടു പക്ഷമുണ്ട്. ദിവ്യാത്ഭുതങ്ങളാവശ്യപ്പെട്ടുകൊണ്ട് പ്രവാചകന്മാർക്കു കൊടുത്ത പ്രതിജ്ഞയാണതെന്നാണ് ഒരു

പക്ഷം. ഓരോ ദിവ്യാത്ഭുതം കാണുമ്പോഴും അവർ വാക്ക് ലംഘിച്ച് പുതിയ ദിവ്യാത്ഭുതം ആവശ്യപ്പെടുകയും വീണ്ടും പ്രതിജ്ഞചെയ്യുകയും ചെയ്യും. ആദ്യത്തെ കാരാറിന്റെ ലംഘകരെയാണ് ഇവിടെ **فاسقين** എന്ന പദംകൊണ്ട് സൂചിപ്പിക്കുന്നത്. ഇക്കാര്യം സൂറ *അൽഅൻആം* 109-110 സൂക്തങ്ങളിൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു.

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِن جَاءَتْهُمْ آيَةٌ لَّيُؤْمِنُنَّ
بِهَا ۚ قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ ۖ وَمَا يُشْعِرُكُمْ أَنَّهَا إِذَا جَاءَتْ لَا
يُؤْمِنُونَ ﴿١٠٩﴾ وَنُقَلِّبُ أَفْئِدَتَهُمْ وَأَبْصَارَهُمْ كَمَا لَمْ يُؤْمِنُوا بِهِ
أَوَّلَ مَرَّةٍ وَنَذَرُهُمْ فِي طُغْيَانِهِمْ يَعْمَهُونَ ﴿١١٠﴾

(അവർ അല്ലാഹുവിന്റെ പേരിൽ ദൃഢ പ്രതിജ്ഞ ചെയ്തു; ഒരു ദൃഷ്ടാന്തം ലഭിച്ചാൽ അവർ തീർച്ചയായും വിശ്വസിക്കുമെന്ന്. പറയുക: ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കലാകുന്നു. നിങ്ങൾക്കെന്തറിയാം, ദൃഷ്ടാന്തങ്ങൾ ലഭിച്ചാലും അവർ വിശ്വസിക്കാൻ പോകുന്നില്ല. അവരുടെ മനസ്സുകളെയും ദൃഷ്ടികളെയും നാം മാറ്റി മറിച്ചുകൊണ്ടിരിക്കുന്നു; ആദ്യവട്ടം അവർ വിശ്വസിക്കാതിരുന്നതുപോലെതന്നെ. സ്വന്തം അതിക്രമങ്ങളിൽ വിഹരിക്കാൻ നാം അവരെ വിട്ടയക്കുകയും ചെയ്തിരിക്കുന്നു). മൂസാ-ഫറവോൻ സംഭവങ്ങൾ വിവരിക്കുന്നതിനിടെ ഈ സൂറയിലെ 134,135 സൂക്തങ്ങളിൽ പറയുന്നു:

وَلَمَّا وَقَعَ عَلَيْهِمُ الرِّجْزُ قَالُوا يَا مُوسَى ادْعُ لَنَا
رَبَّكَ بِمَا عَهِدَ عِندَكَ ۖ لَئِن كَشَفْتَ عَنَّا الرِّجْزَ لَنُؤْمِنَنَّ لَكَ وَلَنُرْسِلَنَّ
مَعَكَ بَنِي إِسْرَائِيلَ ﴿١٣٤﴾ فَلَمَّا كَشَفْنَا عَنْهُمُ الرِّجْزَ إِلَىٰ أَجَلٍ هُم بَالِغُوهُ
إِذَا هُمْ يَنكُثُونَ ﴿١٣٥﴾

(വിപത്തു ബാധിച്ചപ്പോൾ അവർ മൂസായോടു കേണു: നിന്റെയടുക്കലുള്ള നാഥന്റെ ഉറപ്പിനാൽ ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുക, ഈ ദുരിതം നീക്കിത്തന്നാൽ തീർച്ചയായും ഞങ്ങൾ നിന്നിൽ വിശ്വസിച്ചുകൊള്ളാം. ഇസ്രാഈല്യരെ നിന്റെകൂടെ വിട്ടയക്കുകയും ചെയ്യാം. അങ്ങനെ അവർ പ്രാപിക്കേണ്ട ഒരവധിവരെ നാം ദുരിതം നീക്കി. അപ്പോഴതാ അവരൊക്കെയും കരാർ ലംഘകരായി).

عَهْد കൊണ്ടു വിവക്ഷ സൂറത്തു യാസീനിൽ 60-ാം സൂക്തത്തിൽ പറഞ്ഞ عَهْد ആണെന്നാണ് രണ്ടാമത്തെ പക്ഷം. أَلَمْ أَعْهَدْ إِلَيْكُمْ يَا بَنِي آدَمَ أَن لَّا تَعْبُدُوا الشَّيْطَانَ (അല്ലയോ ആദം മക്കളേ, ചെകുത്താന് അടിമപ്പെട്ടു പോകരുതെന്ന് ഞാൻ നിങ്ങളോടനുശാസിച്ചിരുന്നില്ലയോ?). ഈ عَهْد-നെ ഈ സൂറയിലെ 172-ാം സൂക്തം ഇങ്ങനെ പരാമർശിച്ചിരിക്കുന്നുണ്ട്:

وَإِذْ أَخَذَ رَبُّكَ مِن بَنِي آدَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ
عَلَىٰ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا بَلَىٰ ۛ شَهِدْنَا ۛ أَن تَقُولُوا يَوْمَ الْقِيَامَةِ
إِنَّا كُنَّا عَنْ هَٰذَا غَافِلِينَ ﴿١٧٢﴾

(നിന്റെ നാഥൻ ആദം മക്കളുടെ മുതുകുകളിൽനിന്ന് സന്തതി പരമ്പരകളെ പുറത്തെടുക്കുകയും അവരുടെ മേൽ ഇവരെത്തന്നെ സാക്ഷികളാക്കുകയും ചെയ്തത് ഓർക്കുക. അവൻ ചോദിച്ചു: നിങ്ങളുടെ വിധാതാവ് ഞാനല്ലയോ? അവർ പറഞ്ഞു: അതെ. ഞങ്ങൾ അതിനു സാക്ഷികളായിരിക്കുന്നു." ഉയിർത്തെഴുന്നേൽപുനാളിൽ ഞങ്ങൾ ഇതേക്കുറിച്ചശ്രദ്ധരായിരുന്നുവെന്ന് നിങ്ങൾ പറയാതിരിക്കാനാണിത്). ■